Ref. **R2/OVC/210104**

Date: **04-01-2021**

# സെനറ്റ് മീറ്റിങ് റിപ്പോർട്ട്

**തിയ്യതി:** 27-12-2020 ഞായർ
**സമയം:** ഉച്ചക്ക് 2 മണി മുതൽ വൈകീട്ട് 4.30 വരെ

ദാറുൽഹുദാ ഇസ്‌ലാമിക സർവകലാശാലയുടെ സെനറ്റ് അംഗങ്ങളുടെ 2020-21 അധ്യയന വർഷത്തെ രണ്ടാമത് യോഗം 27-12-2020 ഞായറാഴ്ച ഉച്ചക്ക് ശേഷം 2.00 മണി മുതൽ വൈകീട്ട് 4.30 വരെ വാഴ്സിറ്റിയിലെ മീറ്റിങ് ഹാളിൽ ചേരുകയുണ്ടായി. 63 അംഗങ്ങളിൽ 43 പേർ പങ്കെടുത്തു

**യോഗത്തിൽ സംബന്ധിച്ചവർ**

1. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി
2. യു.ശാഫി ഹാജി ചെമ്മാട്
3. ഡോ.യു.വി.കെ മുഹമ്മദ്
4. സി.എച്ച് ത്വയ്യിബ് ഫൈസി
5. ഉമർ ഫൈസി മുക്കം
6. അബ്ദുസ്സമദ് പൂക്കോട്ടൂർ
7. ഡോ. എൻ.എ.എം അബ്ദുൽ ഖാദിർ
8. കെ.എ റഹ്മാൻ ഫൈസി
9. ശാഹുൽ ഹമീദ് മാസ്റ്റർ മേൽമുറി
10. ഡോ. ബശീർ മാസ്റ്റർ പനങ്ങാങ്ങര
11. ഹംസ ഹാജി മൂന്നിയൂർ
12. ടി. അബ്ദുല്ല ഹാജി ഓമച്ചപ്പുഴ
13. എം.പി സിദ്ദീഖ് ഹാജി
14. ഡോ. കെ.ടി ജാബിർ ഹുദവി
15. മൂസ ഹാജി കാടാമ്പുഴ
16. പി.എം ഹംസ ഹാജി
17. കുഞ്ഞിപ്പോക്കർ കുട്ടി കെ.വി.പി
18. അബ്ദുൽകലാം മാസ്റ്റർ
19. അഡ്വ. പി.വി റാശിദ് ചെമ്മാട്
20. പി. അബ്ദുർറഹീം ചുഴലി
21. പ്രൊഫ. അബ്ദുൽ ജലീൽ കോട്ടക്കൽ
22. മുഹമ്മദ് കുട്ടി എടക്കുളം

23. കെ.എം അബ്ദുല്ല മാസ്റ്റർ കൊട്ടപ്പുറം
24. കബീർ ഹാജി ഓമച്ചപ്പുഴ
25. ഹനീഫ മൂന്നിയൂർ
26. എൻ.കെ ഇബ്രാഹീം ഹാജി തയ്യിലക്കടവ്
27. പി.വി മുഹമ്മദ് മൗലവി മാണൂർ
28. ഫഖ്റുദ്ദീൻ തങ്ങൾ കണ്ണന്തളി
29. കെ.പി അബൂബക്കർ ഹാജി
30. മീറാൻ ദാരിമി കാവനൂർ
31. ശരീഫ് ഹുദവി ചെമ്മാട്
32. അഡ്വ. ത്വയ്യിബ് ഹുദവി
33. ടി. അബൂബക്ര് ഹുദവി
34. ഡോ. സുബൈർ ഹുദവി
35. ഡോ. ഫൈസൽ ഹുദവി മാരിയാട്
36. ഇ.കെ റഫീഖ് ഹുദവി
37. ഡോ. പി.കെ.എം ജലീൽ ഹുദവി
38. ശമീർ ഹുദവി മേൽമുറി
39. ഡോ. റഫീഖലി ഹുദവി
40. അബ്ദുശകൂർ ഹുദവി ചെമ്മാട്
41. ഡോ. സുഹൈൽ ഹിദായ ഹുദവി
42. കെ.സി മുഹമ്മദ് ബാഖവി
43. ഇ.കെ സിറാജുദ്ദീൻ ഹുദവി

പ്രാർത്ഥനക്കു ശേഷം അധ്യക്ഷൻ ബഹു. വൈസ് ചാൻസലർ ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി അംഗങ്ങളെ അഭിസംബോധനം ചെയ്തു സംസാരിച്ചു. കോവിഡ് കാലത്തെ ദാറുൽഹുദാ സംവിധാനങ്ങളുടെ പ്രവർത്തനവും വിദ്യാർത്ഥികളുടെ പഠനരീതിയും അംഗങ്ങളുമായി പങ്കുവെച്ചു. ബൃഹത്തായ സ്റ്റുഡിയോ സജ്ജീകരിച്ച് ഓൺലൈൻ പഠന സംവിധാനം കാര്യക്ഷമമാക്കാൻ ദാറുൽഹുദാക്ക് സാധിച്ചുവെന്നും വാഴ്സിറ്റിയുടെ പൊതുവിദ്യാഭ്യാസ സംരംഭമായ സെന്റർ ഫോർ പബ്ലിക് എജ്യുക്കേഷൻ ആൻഡ് ട്രെയ്നിങ് (സിപെറ്റ്)ന്റെ കോഴ്സുകൾ വരെ നടന്നുകൊണ്ടിരിക്കുന്നുണ്ടെന്നും ബഹു. വൈസ് ചാൻസലർ അറിയിച്ചു.
ശേഷം രജിസ്ടാർ എം.കെ ജാബിറലി ഹുദവി അജണ്ട വിശദീകരിച്ചു സംസാരിച്ചു.
പിന്നീട് അജണ്ട ഓരോന്നായി ചർച്ചക്കെടുത്തു.

## 1. ബിരുദദാന ചടങ്ങ് സംഘടിപ്പിക്കൽ

ദാറുൽഹുദായുടെ പന്ത്രണ്ട് വർഷത്തെ പഠനവും ശേഷമുള്ള രണ്ട് വർഷത്തെ സാമൂഹിക സേവനവും പൂർത്തിയാക്കിയ 21,22,23 ബാച്ചുകളിലെ 406 പണ്ഡിതർക്ക് ബിരുദം നൽകാനുണ്ടെന്ന്, ബാച്ച് അടിസ്ഥാനത്തിലുള്ള കണക്ക് പ്രതിപാദിച്ച് മാനേജ്മെന്റ് ജന. സെക്രട്ടറി യു.ശാഫി ഹാജി ചെമ്മാട് അറിയിച്ചു.
വർഷാവർഷം ബിരുദദാന ചടങ്ങ് സംഘടിപ്പിക്കാമെന്നും മേൽ പരാമർശിച്ചവരുടേത് വരുന്ന മാർച്ചിൽ മിഅ്റാജ് പ്രാർത്ഥനാ സമ്മേളനത്തിൽ വെച്ച് സാധ്യമാകുന്ന രീതിയിൽ നടത്താമെന്നും ധാരണയായി. അപേക്ഷ സ്വീകരിച്ച്, നടപടിക്രമങ്ങൾക്കു ശേഷം യോഗ്യരായവർക്ക് ബിരുദം നൽകാമെന്ന് തീരുമാനിച്ചു.

## 2. പിജിയിലെ കുല്ലിയകൾ, ഡിപ്പാർട്ട്മെന്റുകൾ-ഉപ സമിതിയുടെ റിപ്പോർട്ട്

**2.1 കുല്ലിയ്യ, ഡിപ്പാർട്ട്മെന്റ് പേരുകൾ**

വൈസ് ചാൻസലർ നിയമിച്ച സമിതി സമർപ്പിച്ച നിർദേശങ്ങളും ഇതു സംബന്ധമായി കുല്ലിയ്യ ഡീനുമാരുടെ സംയുക്ത യോഗത്തിൽ ധാരണയായ പേരുകളും രജിസ്ട്രാർ വായിച്ചു. ധാരണയിലെത്തിയ കുല്ലിയകളും അവയ്ക്കു കീഴിലെ ഡിപ്പാർട്ട്മെന്റുകളും.

| | Kulliyyah | Department |
|---|---|---|
| 1 | **كلية القرآن والسنة**<br>**Kulliyyah of Qur'an and Sunnah** | قسم القرآن وعلومه<br>Dept. of Qur'an & Related Sciences<br>قسم الحديث وعلومه<br>Dept. of Hadith and Related Sciences |
| 2 | **كلية الشريعة**<br>**Kulliyyah of Shari'ah** | قسم الفقه وأصوله<br>Dept. of Fiqh and Usul al-Fiqh<br>قسم الإقتصاد والتمويل الإسلامي<br>Dept. of Islamic Economics and Finance |
| 3 | **كلية أصول الدين**<br>**Kulliyyah of Uṣūl al-Dīn** | قسم العقيدة والفلسفة<br>Dept. of Aqidah and Philosophy<br>قسم دراسة الأديان<br>Dept. of Study of Religions |
| 4 | **كلية العلوم الاجتماعية**<br>**Kulliyyah of Social Sciences** | قسم الدراسات الحضارية<br>Dept. of Civilizational Studies<br>قسم تنمية المجتمع<br>Dept. of Societal Development |
| 5 | **كلية اللغات والآداب**<br>**Kulliyyah of Languages and Literature** | قسم اللغة العربية وآدابها<br>Dept. of Arabic Language and Literature<br>قسم الترجمة والأدب المقارن<br>Dept. of Translation and Comparative Literature |

CONFIDENTIAL

**അനുബന്ധ ചർച്ച:**

ഓരോ കുല്ലിയ്യയിലും വിദഗ്ധരും പ്രസ്തുത മേഖലയിലെ വിശിഷ്ടരുമായ അധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്ന് ഡോ. സുബൈർ ഹുദവി ചോദിച്ചു. നിലവിൽ അതതു മേഖലയിലെ വിദഗ്ധരെയാണ് നിയമിച്ചിട്ടുള്ളതെന്നും വരും വർഷങ്ങളിൽ പിഎച്ച്.ഡി ബിരുദമുള്ള കൂടുതൽ പേരെ നിയമിക്കേണ്ടതുണ്ടെന്നും രജിസ്ട്രാർ പറഞ്ഞു. ഇതിനായി പ്രപോസൽ തയ്യാറാക്കി, പ്രത്യേക പഠനത്തിനായി ഹുദവികളെ വിവിധ സർകവലാശാലയിലേക്ക് പറഞ്ഞയക്കണമെന്ന് ഡോ. സുബൈർ ഹുദവി ആവശ്യപ്പെട്ടു. ഓരോ മേഖലയിലും നിപുണരായ, പുറത്തു നിന്നുള്ള അധ്യാപകരെ വിസിറ്റിങ് പ്രൊഫസർമാരായി നിയമിക്കാമെന്ന് ഡോ.യു.വി.കെ മുഹമ്മദ്, ഡോ. ബശീർ മാസ്റ്റർ പനങ്ങാങ്ങര എന്നിവർ അഭിപ്രായപ്പെട്ടു.

Civilizational Studies, Societal Development എന്നീ ഡിപ്പാർട്ട്മെന്റുകളുടെ സിലബസ്, മേഖല സംബന്ധിച്ച് ു ജലീൽ സാർ ചോദിച്ചു. ഡീൻ ഡോ. റഫീഖലി ഹുദവി പ്രസ്തുത ഡിപ്പാർട്ട്മെന്റുകളുടെ ഏരിയകൾ സംബന്ധിച്ച് വിശദീകരിച്ചു. ജനറൽ വിഷയങ്ങൾ എന്നതിനു പകരം കുല്ലിയ്യകളും ഡിപ്പാർട്ട്മെന്റുകളും പ്രത്യേക മേഖലയിൽ വിശിഷ്ടമായിരിക്കണമെന്നും വെസ്റ്റേൺ ലിറ്ററേച്ചർ കൂടി പാഠ്യപദ്ധതിയിൽ ഉൾപെടുത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു .

എല്ലാ മേഖലകളും സിലബസിൽ ഉൾപെടുത്തൽ അസാധ്യമാണെന്നും പ്രസക്തമായ വിഷയങ്ങൾ വിദ്യാർത്ഥികളുടെ പിജി ഡിസേർട്ടഷനുകളിൽ ഉൾപെടുത്തുന്നുണ്ടെന്നും രജിസ്ട്രാർ അറിയിച്ചു.

**<u>2.2 ഇഷ്യൂ ചെയ്യുന്ന സർട്ടിഫിക്കറ്റുകളിലെ പേരുകൾ</u>**

ദാറുൽഹുദായുടെ നിലവിലെ പിജി സർട്ടിഫിക്കറ്റിൽ Islamics and Human Sciences എന്ന ഫാക്കൽറ്റിക്കു കീഴിൽ അഞ്ച് ഡിപ്പാർട്ട്മെന്റുകളും ഡിഗ്രിയിൽ Islamics and Human Sciences എന്ന ഫാക്കൽറ്റിക്കു കീഴിൽ Bachelor of Islamics and Human Sciences എന്ന ഡിഗ്രിയുമാണ് നൽകാറുള്ളത്. എന്നാൽ വിവിധ കുല്ലിയകൾ, ഡിപ്പാർട്ട്മെന്റുകൾ എന്നിവ ഡിഗ്രി, പിജി തലത്തിൽ വരുന്നതോടെ ഇഷ്യൂ ചെയ്യുന്ന സർഫിക്കറ്റിൽ കൂടി പ്രസ്തുത മാറ്റങ്ങൾ ഉണ്ടാവേണ്ടതുണ്ടെന്ന് രജിസ്ട്രാർ പറഞ്ഞു. നേരത്തെ കുല്ലിയ്യ ഡീനുമാരുടെ യോഗത്തിൽ നിർദേശിച്ച കാര്യം അദ്ദേഹം അംഗങ്ങളെ അറിയിച്ചു.

ഡിഗ്രി, പിജി സർട്ടിഫിക്കറ്റുകളിൽ മുകളിൽ അതതു ഫാക്കൽറ്റികളുടെ പേരും താഴെ Conferred the Degree of Master/ Bachleor of Islamic and Human Sciences എന്നത് നിലനിർത്തി, with specialization in എന്നതിനു ശേഷം അതതു ഡിപ്പാർട്ട്മെന്റുകൾ നൽകാമെന്നും തീരുമാനിച്ചു. അങ്ങനെ നൽകാതിരിക്കുന്ന പക്ഷം ദാറുൽഹുദായുടെ മത ഭൗതിക സമന്വയ പഠനം വിദ്യാർത്ഥി കരഗതമാക്കിയിട്ടുണ്ട് എന്നകാര്യം സർട്ടിഫിക്കറ്റിൽ പരാമർശിക്കാതിരിക്കുന്ന അവസ്ഥയുണ്ടാകുമെന്ന് യോഗം വിലയിരുത്തി..

## 3. ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടിപ്പിക്കലും കരിക്കുലം കമ്മിറ്റിയുടെ രൂപീകരണവും

**<u>3.1 സെക്കൻഡറി & സീനിയർ സെക്കൻഡറി ബോർഡ് രൂപീകരണം.</u>**

ദാറുൽഹുദായുടെ സെക്കൻഡറി, സീനിയർ സെക്കൻഡറി പഠനം പ്രത്യേക ബോർഡിനു കീഴിലും ഡിഗ്രി, പിജി എന്നിവ സർവകലാശാലക്കു കീഴിലുമാക്കി പുനഃസംവിധാനിക്കുന്നതു സംബന്ധിച്ച് രജിസ്ട്രാർ സംസാരിച്ചു. ഒരു ഡയറക്ടറും, ഒമ്പത് അംഗങ്ങളുമുള്ള ബോർഡ് രൂപീകരിക്കാനാണ് ഉദ്ദേശ്യമെന്നും അദ്ദേഹം അറിയിച്ചു. പ്രസ്തുത തീരുമാനത്തിന് യോഗം അംഗീകാരം നൽകുകയും ഡയറക്ടർ, ബോർഡ് അംഗങ്ങളെ കണ്ടെത്തുന്നതിന് ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും ചെയ്തു.

CONFIDENTIAL

**അനുബന്ധ ചർച്ച:**

National Council of Educational Research and Training (NCERT) യുടെ പാഠ്യപദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നവ നമ്മുടെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തണമെന്ന് ഡോ. സുബൈർ ഹുദവി അഭിപ്രായപ്പെട്ടു. പുതിയ വിദ്യാഭ്യാസ നയം പ്രാബല്യത്തിൽ വരുമ്പോൾ അതനുസരിച്ചുള്ള ക്രമീകരണം നമ്മുടെ സിലബസിലും ഉണ്ടാവേണ്ടതുണ്ടെന്ന് അഡ്വ. ത്വയ്യിബ് ഹുദവി അഭിപ്രായപ്പെട്ടു. പുതിയ വിദ്യാഭ്യാസ നയം നമ്മുടെ പഠന സംവിധാനങ്ങളുടെ സാധുത വർധിപ്പിക്കുന്നുണ്ടെന്ന് ഡോ.ഫൈസൽ ഹുദവി മാരിയാട് അഭിപ്രായപ്പെട്ടു. ശ്രീനാരായണ ഗുരു ഓപൺ സർവകലാശാല സ്ഥാപിക്കുന്നതോടെ മുഴുവൻ വിദൂര പഠനവും അങ്ങോട്ട് മാറ്റേണ്ടിവരുമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ഇതു സംബന്ധമായി അന്തിമ തീരുമാനം സർക്കാർ തലത്തിൽ വരുന്ന മുറക്ക് നാം ആലോചിച്ചാൽ മതിയെന്ന് ധാരണയായി.

**3.2 ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ**

പുനഃസംഘടിപ്പിച്ച ബോർഡ് ഓഫ് സ്റ്റഡീസിന് യോഗം അംഗീകാരം നൽകി.
പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

**ബോർഡ് ഓഫ് സ്റ്റഡീസ്**

| SN | Names | Powers | Board |
|---|---|---|---|
| 1 | Dr. K SUHAIL HIDAYA HUDAWI | CHAIRMAN | Qura'n& Related Sciences |
| 2 | C.H SHAREEF HUDAWI | CHAIRMAN | Hadith & Related Science |
| 3 | AMEER HUSAIN HUDAWI | CHAIRMAN | Fiqh& Usul Al-Fiqh |
| 4 | Dr. K.P JAFAR HUDAWI | CHAIRMAN | Islamic Economics & Finance |
| 5 | E.K SIRAJUDDEEN HUDAWI | CHAIRMAN | Aqidah& Philosophy |
| 6 | P. ABDUL RASHEED HUDAWI | CHAIRMAN | Study of Religions |
| 7 | SHAMEERALI HUDAWI P | CHAIRMAN | Civilizational Studies |
| 8 | C.T RAEES HUDAWI | CHAIRMAN | Societal Development |
| 9 | V. JAFAR HUDAWI | CHAIRMAN | Arabic Language & Literature |
| 10 | Dr. P.K SHAFI HUDAWI | CHAIRMAN | Translation & Comparative Literature |
| 11 | ABDUSSAMAD HUDAWI THARAYITTAL | CHAIRMAN | English Language & Literature |
| 12 | IFTHIQAR HUDAWI | CHAIRMAN | Urdu Language & Literature |

**3.3 കരിക്കുലം കമ്മിറ്റി**

സെക്കൻഡറി & സീനിയർ സെക്കൻഡറിക്കായി രൂപീകരിച്ച കരിക്കുലം കമ്മിറ്റിക്കും രജിസ്ട്രാർ നിർദേശിച്ച കമ്മിറ്റി ചെയർമാൻമാർക്കും യോഗം അംഗീകാരം നൽകി.

**അംഗങ്ങൾ**

| SN | Names | Powers | Committee |
|---|---|---|---|
| 1 | P.K JAFAR HUDAWI | Coordinator | Qura'n& Related Sciences |
| 2 | P.E JAZEEL HUDAWI | Coordinator | Hadith &Principles |
| 3 | N.P NAWAS SHAREEF HUDAWI | Coordinator | Fiqh&Usul al-Fiqh |
| 4 | P.V ZUBAIR HUDAWI | Coordinator | Aqeeda&Thasawwuf |
| 5 | P.P RIYAS HUDAWI | Coordinator | Translation & Composition |
| 6 | AFEEF HUDAWI | Coordinator | Arabic |
| 7 | K.M ABDUL MUQSITH HUDAWI | Coordinator | English |
| 8 | ASHRAF RAZA ALEEMI | Coordinator | Urdu |
| 9 | M YOUSUF HUDAWI | Coordinator | Malayalam |
| 10 | M. SALIM HUDAWI | Coordinator | Islamic History |
| 11 | K.K MUSTHAFA HUDAWI | Coordinator | Social Science |
| 12 | MUHAMMED KUTTY | Coordinator | Mathematics |
| 13 | M.M THAHIR M.Sc. | Coordinator | Natural Science |
| 14 | SHAKIR MUBARAK HUDAWI | Coordinator | Information Technology |

### 4. ഡിഗ്രി തലങ്ങളിലെ ഡിപ്പാർട്ട്മെന്റുകൾ അന്തിമമാക്കൽ

**4.1 നിർദിഷ്ട ഡിപ്പാർട്ട്മെന്റുകൾ**

അടുത്ത അധ്യയന വർഷം മുതൽ ഡിഗ്രി തലങ്ങളിൽ സംവിധാനിക്കുന്ന ഡിപ്പാർട്ട്മെന്റുകൾ രജിസ്ട്രാർ അവതരിപ്പിച്ചു. നിലവിലെ വിഷയങ്ങൾ അഞ്ച് കുല്ലിയകളിലാക്കി നിർണയിക്കുകയും മുഴുവൻ വിദ്യാർത്ഥികളും എല്ലാ വിഷയങ്ങളും പഠിക്കുക, ഒപ്പം അവർ തെരഞ്ഞെടുക്കുന്ന ഡിപ്പാർട്ട്മെന്റിലെ പ്രത്യേക വിഷയങ്ങളും എന്ന രീതിയിലാണ് സജ്ജീകരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

പ്രസ്തുത നിർദേശത്തിന് യോഗം അംഗീകാരം നൽകി. ധാരണയിലെത്തിയ ഡിഗ്രി ഡിപ്പാർട്ട്മെന്റുകൾ

1. قسم القرآن وعلومه — Dept. of Qur'an & Related Sciences
2. قسم الحديث وعلومه — Dept. of Hadith and Related Sciences
3. قسم الفقه وأصوله — Dept. of Fiqh and Usul al-Fiqh
4. قسم العقيدة والفلسفة — Dept. of Aqidah and Philosophy
5. قسم الدراسات الحضارية — Dept. of Civilizational Studies
6. قسم اللغة العربية وآدابها — Dept. of Arabic Language &Literature

**അനുബന്ധ ചർച്ച**

ഡിഗ്രിയിലേക്കുള്ള അഡ്മിഷൻ നടപടിക്രമങ്ങളെ സംബന്ധിച്ച് റഹീം മാസ്റ്റർ ചുഴലി ചോദിച്ചു. വിദ്യാർത്ഥികളുടെ അഭിരുചി കൂടി പരിഗണിക്കണമെന്നും താഴെ ക്ലാസുകൾ മുതൽ തന്നെ Aptitude Test നടത്തി വിദ്യാർത്ഥികളുടെ കഴിവും താത്പര്യവും പരിഗണിച്ച് അവരുടെ ഭാവി നിർണയിക്കുന്നതിനുള്ള പ്രത്യേക പദ്ധ

തികൾ ആസൂത്രണം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു.

ഈ അധ്യയന വർഷം മുതൽ  ഗൈഡൻസ് ആൻഡ് എക്സ്റ്റേണൽ ആക്ടിവിറ്റീസ് എന്ന പേരിൽ പുതിയ ഓഫീസ് തുടങ്ങിയിട്ടുണ്ടെന്നും പ്രസ്തുത ഓഫീസിനു കീഴിൽ ഇതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും രജിസ്ട്രാർ മറുപടി പറഞ്ഞു.

ഡിഗ്രി വിദ്യാർത്ഥികളിൽ സാമൂഹിക പ്രതിബദ്ധതയും പ്രബോധന ചിന്തയും വളർത്തുന്നതിനായി, വിവിധ സംസ്ഥാനങ്ങളിൽ ചെന്ന് നിശ്ചിത ദിന നിർബന്ധിത സേവനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അടുത്ത അധ്യയന വർഷം മുതൽ പ്രാബല്യത്തിൽ കൊണ്ടുവരുമെന്നും രജിസട്രാർ അംഗങ്ങളെ അറിയിച്ചു.

**4.2 ഡിപ്പാർട്ട്മെന്റ് അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ**

യുജി സ്ഥാപനങ്ങളിൽ ഡിഗ്രി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് തയ്യാറാക്കിയ കരട് നിബന്ധനങ്ങൾ രജിസ്ടാർ വായിച്ചു. ദാറുൽഹുദാ യു.ജി അക്രഡിറ്റേഷനിൽ ബി ++ ഗ്രെയ്ഡ് എങ്കിലും ലഭിച്ചവർക്ക് മാത്രം ഡിപ്പാർട്ട്മെന്റ് തുടങ്ങുന്നതിന്ന് അനുമതി നൽകിയാൽ മതിയെന്ന് ധാരണയായി. എ ഗ്രെയ്ഡോ അതിനുമുകളിലോ ലഭിച്ച സ്ഥാപനങ്ങൾക്ക് രണ്ട് ഡിപ്പാർട്ട്മെന്റുകളും, അതിന് താഴെയുള്ളവർക്ക് ഒരു ഡിപ്പാർട്ട്മെന്റും തുടങ്ങാനുള്ള അനുമതി നൽകിയാൽ മതിയെന്നും തീരുമാനിച്ചു .  ഇതു സംബന്ധമായി കൂടുതൽ ചർച്ചകൾ നടത്തി അന്തിമമാക്കാൻ ബഹു. വൈസ് ചാൻസലറെ യോഗം ചുമതലപ്പെടുത്തി.

**അനുബന്ധ ചർച്ച**

ഡിഗ്രി തലത്തിൽ ഡിപ്പാർട്ട്മെന്റ് സംവിധാനിക്കുകയും വിദ്യാർത്ഥികൾ സ്ഥാപനം മാറുകയും ചെയ്യുന്നത് സ്ഥാപനങ്ങളെ ദോഷകരായി ബാധിക്കുമെന്നും സ്ഥാപനത്തോടുള്ള കൂറ് കുറയുമോ എന്ന ആശങ്കയുണ്ടെന്നും പി.വി മുഹമ്മദ് മൗലവി പറഞ്ഞു. വിദ്യാർത്ഥികളുടെ സംസ്കരണത്തിൽ സ്ഥാപന മാറ്റം കാതലായ സ്വാധീനമുണ്ടാക്കുമെന്ന് കെ.സി മുഹമ്മദ് ബാഖവി അഭിപ്രായപ്പെട്ടു. സ്ഥാപനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കേണ്ടതുണ്ടെന്നു ഡോ. സുബൈർ ഹുദവി പറഞ്ഞു. കഴിഞ്ഞ മാനേജ്മെന്റ് മീറ്റിംഗുകളിൽ ഇക്കാര്യം ഉണർത്തിയിട്ടുണ്ടെന്നും ഈ വർഷം മുതൽ തന്നെ option based degree allotment  നടപ്പിലാക്കാനായിരുന്നു ധാരണയെന്നും രജിസട്രാർ അറിയിച്ചു. ഓരോ ഡിപ്പാർട്ട്മെന്റിലും വിദഗ്ധരായ അധ്യാപകരെ  നിയമിക്കണമെന്ന് ഡോ. ബശീർ മാസ്റ്റർ പനങ്ങാങ്ങര പറഞ്ഞു. നിലവിൽ അധ്യാപകരുടെ നിയമനത്തിൽ വരെ അക്കാര്യം ശ്രദ്ധിക്കുന്നുണ്ടെന്നും ഡിഗ്രി അനുവദിക്കുന്നതിന്റെ മാനദണ്ഡമായി അധ്യാപകരുടെ യോഗ്യത പരിഗണിക്കാമെന്നും രജിസ്ട്രാർ മറുപടി പറഞ്ഞു.

**4.3 ബനാത്ത് കോളേജിൽ ഡിഗ്രി ആരംഭിക്കൽ**

അടുത്ത അധ്യയന വർഷം മുതൽ ബനാത്ത് കോളേജിൽ ഡിഗ്രി കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച നടന്നു. വിവാഹ പ്രായം 21 ആക്കി ഉയർത്താൻ സർക്കാർ തീരുമാനിക്കുക കൂടി ചെയ്താൽ ഡിഗ്രി തുടങ്ങൽ അനിവാര്യമായിത്തീരുമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

ബനാത്ത് കോളേജിലെ ഡിഗ്രി സിലബസിൽ  വനിതാ സൗഹൃദ വിഷയങ്ങൾ ഉൾപെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് യോഗം വിലയിരുത്തി. കൂടുതൽ അഫിലിയേറ്റഡ് കോളേജുകൾക്ക് അംഗീകാരം നൽകാമെന്നും ധാരണയായി. അടുത്ത അധ്യയന വർഷം നീലഗിരി ജില്ലയിലെ പന്തല്ലൂർ താലൂക്കിലെ എരുമാട് എന്ന പ്രദേശത്ത് അഫിലിയേറ്റഡ് വനിതാ കോളേജ് തുടങ്ങുന്നതിന്ന് ബന്ധപ്പെട്ടവർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് ബഹു. വിസി അറിയിച്ചു.

CONFIDENTIAL

**5. അക്രഡിറ്റിഷേൻ റിപ്പോർട്ട്**

കഴിഞ്ഞ അധ്യയന വർഷം യുജി സ്ഥാപനങ്ങൾക്കിടയിൽ നടത്തിയ അക്രഡിറ്റേഷന്റെ റിസൾട്ട് സെക്രട്ടറി ഡോ. യു.വി.കെ മുഹമ്മദ് വായിച്ചു. അടുത്ത അധ്യയന വർഷം ഓഫ് കാമ്പസുകളിൽ കൂടി അക്രഡിറ്റേഷൻ നടത്തുമെന്ന് രജിസ്ട്രാർ അറിയിച്ചു. അക്രഡിറ്റേഷൻ ടീം കണ്ടെത്തിയ കാര്യങ്ങളും രേഖപ്പെടുത്തിയ നിർദേശങ്ങളും രജിസട്രാർ സംഗ്രഹിച്ചു. പ്രസ്തതുത റിപ്പോർട്ടിന് യോഗം അംഗീകാരം നൽകി.

**6. സ്റ്റാറ്റ്യൂട്ട് ഭേദഗതി**

പുതിയ കുല്ലിയകൾ, ഡിപ്പാർട്ട്മെന്റുകൾ, കരിക്കുലം കമ്മിറ്റി, സെക്കൻഡറി & സീനിയർ സെക്കൻഡറി ബോർഡ് എന്നിവ സംവിധാനിക്കുന്ന മുറക്ക് സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനായി ബഹു. വിസിയുടെ നേതൃത്വത്തിൽ പ്രത്യേക സമിതി രൂപീകരിക്കാൻ ധാരണയായി. ഡോ. യു.വി.കെ മുഹമ്മദ്, ഡോ. എൻ.എം.എം അബ്ദുൽ ഖാദിർ, ഡോ. കെ.ടി ജാബിർ ഹുദവി എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.

**അംഗങ്ങളുടെ നിർദേശങ്ങൾ**

1. ഡിജിറ്റൽ പഠനം കാര്യക്ഷമമാക്കുന്നതിന് ഡിഗ്രി തലങ്ങളിൽ പ്രത്യേക പേപ്പറുകൾ സംവിധാനിക്കണം
2. സവിൽ സർവീസ് മേഖലയിലേക്ക് കൂടി വിദ്യാർത്ഥികളെ എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ ആലോചിക്കണം.
3. നിയമ പഠനത്തിനു വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം
4. മാധ്യമ രംഗത്ത് ദാറുൽഹുദാ സന്തതികളുടെ സാന്നിധ്യം ഉറപ്പുവരുത്തുക
5. ഇംഗ്ലീഷിനു പുറമെ ഫ്രഞ്ച്, സ്പാനിഷ്, ജർമനി, ഇറ്റാലിയൻ ഭാഷകൾ കൂടി വിദ്യാർത്ഥികളെ പഠിപ്പിക്കുക.
6. സിലബസിൽ സംസ്കൃത പഠനം കൂടി ഉൾപെടുത്തുക

മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ ചിലത് ഓഫീസ് ഓഫ് ഗൈഡൻസ് ആൻഡ് എക്സ്റ്റേണൽ ആക്റ്റിവിറ്റീസിനു കീഴിൽ ആലോചിക്കാമെന്ന് രജിസ്ട്രാർ അറിയിച്ചു. മാധ്യമ രംഗത്ത് വിദ്യാർത്ഥികളുടെ സാന്നിധ്യമുണ്ടാകുന്നതിന് പൂർവ വിദ്യാർത്ഥി സംഘടന ഹാദിയയുടെ പാണക്കാട്ടെ സെന്റർ ഫോർ സോഷ്യൽ എക്സലൻസിനു കീഴിൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ടെന്ന് ഹാദിയ ജന.സെക്രട്ടറി കൂടിയായ അംഗം പി.കെ ശരീഫ് ഹുദവി പറഞ്ഞു.

ദാറുൽഹുദായുടെ സ്ഥാപിത ലക്ഷ്യം കേന്ദ്രീകരിച്ചുള്ള പാഠ്യപദ്ധതിയാണ് നാം ആവിഷ്കരിക്കുന്നതെന്നും മറ്റു മേഖലയിൽ പ്രാവീണ്യമുള്ളവരെ വളർത്തുന്നതിനായി ഫീസ് ഈടാക്കിയുള്ള സമന്വയ സ്ഥാപനം ആരംഭിക്കാൻ മാനേജ്മെന്റ് യോഗത്തിൽ തീരുമാനമായിട്ടുണ്ടെന്നും ബഹു. വൈസ് ചാൻസലർ അറിയിച്ചു.

യോഗം വൈകീട്ട് 4.30 ന് അവസാനിച്ചു

DARUL HUDA ISLAMIC UNIVERSITY
Kerala, India
676 306
CHEMMAD, MALAPPURAM

**Approved by:**
**Dr. Bahauddeen Muhammad Nadwi**
**Vice Chancellor**

CONFIDENTIAL